**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 98** **04-10-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വനിതാകമ്മീഷന് പരാതി നൽകിയെന്ന കാരണത്താൽ സംസ്ഥാനത്തെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടി അതിന്റെ വനിതാ വിഭാഗം പിരിച്ചു വിട്ടതായി പറയപ്പെടുന്ന സംഭവം സമൂഹത്തിലെ സ്ത്രീവിരുദ്ധ മനോഭാവം കൂടുതൽ രൂക്ഷമാക്കാനിടയുള്ളത് കൂടി കണക്കിലെടുത്ത് സ്ത്രീവിരുദ്ധ കാഴ്ചപ്പാടുകൾക്കും നിലപാടുകൾക്കുമെതിരെയുള്ള പ്രചരണം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും ഉറപ്പാക്കുന്നതിനായി Gender Awareness Programme ഉൾപ്പെടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങൾ വഴി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം തന്നെ സ്ത്രീ സുരക്ഷയ്ക്കുള്ള നിയമപരിരക്ഷ, സേവനങ്ങൾ ഇവ നേടിയെടുക്കേണ്ടവിധം എന്നിവ സംബന്ധിച്ച ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. സ്ത്രീശാക്തീകരണ നയം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തിലെ സ്ത്രീകൾക്ക് തുല്യ നീതി, തുല്യ അവസരം എന്നിവ ഉറപ്പ വരുത്താനും യാതൊരു തരത്തിലുമുള്ള അതിക്രമങ്ങൾക്കും ഇരയാകാതെ സ്വതന്ത്രമായും അന്തസോടെയും ജീവിതം നയിക്കുവാൻ ഉതകുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്ന തരത്തിലുള്ള സ്ത്രീവിരുദ്ധ ഇടപെടലുകളിൽനിന്നും രാഷ്ട്രീയ പാർട്ടികളും സംഘടനകളും മാറി നിൽക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീ സമൂഹത്തിനെതിരായ തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിൽ സർക്കാരിനു പുറമേ രാഷ്ട്രീയപാർട്ടി കൾ, സംഘടനകൾ, സാമൂഹിക -സന്നദ്ധ സംഘടനകൾ എന്നിവയുടെ ഉത്തരവാദിത്തപ്പെട്ട നേതൃത്വത്തിനും ഗണ്യമായ പങ്ക് വഹിക്കാൻ കഴിയുന്നതാണ്. |
| (ബി) | സ്ത്രീകളെ രണ്ടാം തരം പൗരന്മാരായി പരിഗണിക്കുന്ന കാഴ്ചപ്പാടുകൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ടോ; | (ബി) | സ്ത്രീകൾക്ക് തുല്യ അവസരം ഉറപ്പാക്കുന്നതിനും അവരുടെ അഭിവൃദ്ധിക്കും ഉന്നമനത്തിനും വേണ്ടി സെമിനാറുകൾ, ജാഗ്രതാ സമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി എന്നീ ബോധവത്കരണ പരിപാടികൾ വനിതാ കമ്മീഷൻ നടത്തി വരുന്നു.കൂടാതെ പോലീസ് |

| | | | |
|---|---|---|---|
| | | | വകുപ്പിൽ Women Self Defence Training ന്റെ ഭാഗമായി ലിംഗ സമത്വം സംബന്ധിച്ച ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ച് വരുന്നുണ്ട് . |
| (സി) | ബോധവൽക്കരണ പരിപാടികൾക്ക പ്രാമുഖ്യം നൽകുന്നതിനോടൊപ്പം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെട്ടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതി aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസർക്ക് 9497999955 എന്ന നമ്പരിലും അറിയിക്കാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ 3 തവണ അമർത്തുമ്പോൾ പോലീസ് ആസ്ഥാ നത്തെ കമാന്റ് സെന്ററിൽ ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകി വരുകയും ചെയ്യുന്നു. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് സ്ത്രീകൾക്കാവശ്യമായ നിയമസഹായവും നൽകി വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾ തടയുന്നതിന് കുടുംബങ്ങളിലെ സമാധാനത്തിനും അനുരഞ്ജന ശ്രമങ്ങൾക്കുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്.സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും പ്രതിരോധിക്കുന്നതിനും എല്ലാ ജില്ലകളിലും വാർഡ് തലം മുതൽ ജാഗ്രതാസമിതിയുടെ മേൽനോട്ടത്തിൽ ജാഗ്രതാസമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ വനിതാ കമ്മീഷൻ ഡയറക്ടറുടെ കീഴിൽ ശക്തമായ ഒരു ഇൻവെസ്റ്റിഗേഷൻ ടീം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ